# ഈ പുതു സംവത്സരത്തിൽ യേശുവിൻറെ മാതൃക പിൻതുടരുന്നവരായിരിക്കാം

സാക് പുന്നൻ

WFTW 01 ജനുവരി 2017

ഈ ലോകം ഇതുവരെ കണ്ടിട്ടുളളതിൽ വച്ച് ഏറ്റവും മനോഹരവും, ഏറ്റവും അച്ചടക്കമുളളതും, ഏറ്റവും സമാധാനമുളളതും, ഏറ്റവും സന്തോഷമുളളതുമായ ഒരു ജീവിതമായിരുന്നു യേശുവിൻറെ ജീവിതം. ഇത് ദൈവവചനത്തോടുളള അദ്ദേഹത്തിൻറെ പൂർണ്ണമായ അനുസരണം മൂലമായിരുന്നു. എവിടെയെല്ലാം ദൈവത്തോട് പൂർണ്ണമായ അനുസരണമുണ്ടോ അവിടെയല്ലാം പരിപൂർണ്ണതയും, മനോഹരത്വവുമുണ്ട്.. നാം ഗ്രഹങ്ങളിലും നക്ഷത്രങ്ങളിലും കാണുന്നതുപോലെ. ' യഹോവഭക്തി ജീവൻറെ ഉറവാകുന്നു' ( സദൃശ 14:27) ' എല്ലായ്പോഴും യഹോവഭക്തിയോടിരിക്കുക' (സദൃശ 23:17) എന്ന കല്പനയും യേശു അനുസരിച്ചു.

യേശു ഈ ഭൂമിയിൽ നടന്നപ്പോൾ ആളുകൾ സ്വർഗ്ഗത്തിലെ ജീവൻ അദ്ദേഹത്തിൽ കണ്ടു. അദ്ദേഹത്തിൻറെ മനസ്സലിവ്, മറ്റുളളവർക്കുവേണ്ടിയുളള അദ്ദേഹത്തിൻറെ കരുതൽ, തൻറെ നിസ്വാർത്ഥ സ്നേഹം, അവിടുത്തെ താഴ്മ ഇവയെല്ലാം ദൈവത്തിൻറെ തന്നെ ജീവൻറെ പ്രകടനങ്ങളായിരുന്നു. നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവത്തിൻറെ ഈ ജീവനും സ്വർഗ്ഗത്തിലെ അന്തരീക്ഷവും കൊണ്ടുവരുവാനാണ് ഇപ്പോൾ പരിശുദ്ധാത്മാവ് വന്നിട്ടുളളത്. നാം ദൈവത്താൽ ഈ ഭൂമിയിൽ ആക്കപ്പെട്ടിരിക്കുന്നത് ലോകത്തിന് ഈ സ്വർഗ്ഗീയ ജീവൻ വെളിപ്പെടുത്തിക്കൊടുക്കുവാനാണ്.

എഫെസ്യർ 2:10 ൽ നാം വായിക്കുന്നത് നാം ഓരോരുത്തരുടെയും ജീവിതങ്ങളെക്കുറിച്ച് ദൈവത്തിന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട് എന്നാണ്. നാം എവിടെ ജീവിക്കണമെന്നും ഓരോ ദിവസവും നാം എന്തു ചെയ്യണമെന്നും അവിടുന്ന് പദ്ധതിയിട്ടിട്ടുണ്ട്. ഓരോ കാര്യത്തിലും അവിടുത്തെ തിരഞ്ഞെടുപ്പ് ആയിരിക്കണം ഏറ്റവും നല്ലത്, കാരണം അവിടുത്തേക്ക് നമ്മേ നന്നായി അറിയാം. കൂടാതെ അവിടുന്ന് എല്ലാ ഘടകങ്ങളേയും കണക്കിലെടുത്തിട്ടുണ്ട്. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും വലിയതും ചെറിയതുമായതിനെല്ലാം അവിടുത്തെ ഇഷ്ടത്തിനു വിധേയപ്പെടുക എന്നതാണ് ഏറ്റവും വിവേകപൂർവ്വമായ കാര്യം.

**ശ്രദ്ധിച്ചു കേൾക്കുന്നവനായിരിക്കുക**

ഓരോ ദിവസവും നമുക്ക് ദൈവത്തിൻറെ ഇഷ്ടം ചെയ്യണമെങ്കിൽ, എല്ലാ ദിവസവും ദൈവത്തെ കേൾക്കുന്ന ഒരു ശീലം നാം വളർത്തിയെടുക്കണം. യേശു മറിയയെപ്പറ്റി ( ലൂക്കോ 10:42ൽ) പറഞ്ഞിരിക്കുന്നതുപോലെ, മറ്റെന്തിനെക്കാളും നമുക്ക് കൂടുതൽ ആവശ്യമായിരിക്കുന്ന ഒരു കാര്യം അവിടുത്തെ വചനം ശ്രദ്ധിച്ചു കേൾക്കുക, എന്നതാണ്. വേദപുസ്തകത്തിൻറെ ഏറ്റവും ഒന്നാമത്തെ അദ്ധ്യായത്തിൽ തന്നെ, നാം വായിക്കുന്നത് ദൈവം അവിടുത്തെ വചനം സംസാരിക്കുകയും അതിൻറെ ഫലമായി ഓരോ ദിവസവും ഭൂമി കുറെശ്ശെ കുറശ്ശെയായി രൂപപ്പെടുകകയും ചെയ്തു എന്നാണ്. ഈ വർഷം നമുക്കും ക്രിസ്തുവിൻറെ സാദൃശ്യത്തോട് അനുരൂപപ്പെടണമെന്നാഗ്രഹമുണ്ടെങ്കിൽ, നമുക്കാവശ്യമായ ഏറ്റവും പ്രധാനപ്പെട്ടകാര്യം നാം എല്ലാ ദിവസവും ദൈവത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ്.

നിരന്തരമായി നാൾ തോറും നമ്മുടെ സ്വന്തഹിതത്തെ ത്യജിച്ച് ദൈവത്തിൻറെ ഹിതം അനുസരിക്കുന്നതിലൂടെയാണ് യഥാർത്ഥ ആത്മീയത ഉണ്ടാകുന്നത്. അപ്രകാരം ഓരോ ദിവസവും പിതാവിൻറെ ഇഷ്ടത്തോടുള്ള നിരന്തരമായ അനുസരണമാണ് യേശുവിനെ തൻറെ പിതാവിന് ഏറ്റവും പ്രസാദമുള്ളവനായി തീരുവാൻ പ്രാപ്തനാക്കിയത്. ഈ പുതുവർഷത്തിൽ ഓരോ ദിവസവും ആ മാർഗ്ഗം നാം തിരഞ്ഞെടുക്കുമെങ്കിൽ നമുക്കും ദൈവത്തിന് നല്ല പ്രസാദമുള്ളവരായി തീരുവാൻ കഴിയും.

തൻറെ ജീവിതത്തിൻറെ ആദ്യത്തെ 30 വർഷക്കാലം യേശു എങ്ങനെയാണ് ജീവിച്ചത് എന്നതിനെക്കുറിച്ച് രണ്ടു കാര്യങ്ങളാണ് എടുത്തു പറയപ്പെട്ടിട്ടുള്ളത്: അവിടുന്ന് സകലത്തിലും നമ്മെപ്പോലെ പരീക്ഷക്കപ്പെട്ടു എങ്കിലും അവിടുന്ന് പാപം ചെയ്തില്ല' ( എബ്രായർ 4:5) എന്നതും ' അവിടുന്ന് ഒരിക്കലും തന്നെതന്നെ പ്രസാദിപ്പിച്ചില്ല' ( റോമർ 15:3) എന്നതും. പ്രലോഭനങ്ങളോട് എല്ലാ അവസരങ്ങളിലും യേശുവിശ്വസ്തതയോടെ എതിർത്തു നിൽക്കുകയും അവിടുന്ന് ഒരിക്കലും ഒരു കാര്യത്തിലും തൻറെ തന്നെ സന്തോഷം അന്വേഷിക്കാതിരിക്കുകയും ചെയ്തു. ഈ പുതുവർഷത്തിൽ യേശുവിനെ അനുഗമിക്കുക എന്നാൽ പ്രാഥമികമായി ഈ രണ്ടുമേഖലകളിൽ അവിടുത്തെ അനുഗമിക്കുക എന്നതാണ്.

ഓരോ ദിവസവും നമ്മുടെ ശരീരഭാഗങ്ങളിൽ നാം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് നമ്മുടെ നാവിനെയാണ്. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നവനാണ് യേശു തൻറെ നാവിനെ ഉപയോഗിച്ചത്. അങ്ങനെ അതിനെ ദൈവകരങ്ങളിൽ ജീവൻറെ ഉപകരണമാക്കി മാറ്റി തളർന്നിരിക്കുന്നവരുടെ ഭാരമുള്ള ആത്മാക്കളെ ഉയർത്തുവാൻ തക്കവണ്ണം സാന്ത്വനപ്പെടുത്തുന്ന വാക്കുകൾ അവിടുന്നു സംസാരിച്ചു. യെശയ്യാവ് 50:4 നമ്മോടു പറയുന്നത്, അതിൻറെ കാരണം താൻ കണ്ടുമുട്ടുന്ന തളർന്നിരിക്കുന്നവരായ ഓരോരുത്തർക്കും നൽകുവാൻ ശരിയായ വചനം ഉണ്ടാകേണ്ടതിന് യേശു തൻറെ പിതാവിൻറെ ശബ്ദം നാൾതോറും ശ്രദ്ധിച്ചു കേട്ടു എന്നതാണ്. ഈ പുതുവർഷത്തിൻറെ ഓരോ ദിവസവും ദൈവത്തെ ശ്രദ്ധിച്ചു കേൾക്കുന്ന ശീലം നാം വളർത്തി എടുക്കുന്നെങ്കിൽ നമുക്കു ചുറ്റുമുള്ള തളർന്നിരിക്കുന്ന ആത്മാക്കൾക്കു വേണ്ടി നമുക്കും ഇപ്രകാരമുള്ള ഒരു അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ ഉണ്ടാകുവാൻ കഴിയും. നമ്മുടെ ദൈനം ദിന സംഭാഷണത്തിൽ വിലയില്ലാത്ത വാക്കുകൾ ഒഴിവാക്കി ഉത്തമമായ വാക്കുകൾ മാത്രം പറയുന്നത് നാം തെരഞ്ഞെടുക്കുമെങ്കിൽ യിരെമ്യാവിനെ അവിടുന്നാക്കി തീർത്തതുപോലെ , ദൈവം നമുക്ക് അവിടുത്തെ വചനങ്ങൾ നൽകുകയും നമ്മെ അവിടുത്തെ വായ് ആക്കിത്തീർക്കുകയും ചെയ്യും. (യിരെമ്യാവ് 15:19 കാണുക)

**ഒരു ആരാധകനായിരിക്കുക**

യേശു പറഞ്ഞു, ' നിങ്ങളുടെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവിടുത്തെ മാത്രം സേവിക്കുകയും ചെയ്യുക' ( മത്താ 4:10) അവിടെ ആരാധനയെ തുടർന്നാണ് ശുശ്രൂഷ വരുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. പിതാവ് അത്തരത്തിലുള്ള ആരാധനകരെ അന്വേഷിക്കുന്നു' ( യോഹ 4:23) എന്ന് യേശുവും പറഞ്ഞു.

ദൈവത്തെ ആരാധിക്കുക എന്നാൽ ഞായറാഴ്ചകളിൽ രാവിലെ അവിടുത്തേക്ക് പാട്ടുകൾ പാടുന്ന ഒരു കാര്യമല്ല, എന്നാൽ അതിലുമുപരിയായി എല്ലാ ദിവസവുംഈ ഭൂമിയിലുള്ള മറ്റൊന്നിനെയും ആഗ്രഹിക്കാതെ അവിടുത്തെ മാത്രം അനുഗ്രഹിക്കുന്നതാണ് (സങ്കി 73:25) ഭൗതികമോ ഭൗമികമോ ആയ ഒരു കാര്യങ്ങളിലും നിങ്ങൾ താത്പര്യപ്പെടുന്നില്ല, എന്നാൽ അവിടുത്തേക്കു വേണ്ടി മാത്രം ജീവിക്കേണ്ടതിന് നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടണമെന്ന മാത്രമാണ് നിങ്ങളുടെ ആഗ്രഹമെന്ന് നിങ്ങളുടെ ഹൃദയത്തിൽ നിന്ന്

കാർത്താവിനോടു പറയുക. നിങ്ങൾ പരമാർത്ഥമായി അത് അർത്ഥമാക്കുന്നു എങ്കിൽ, കർത്താവ് നിങ്ങളുമായി സന്ധിക്കുകയും വരുന്ന പുതുവർഷം നിങ്ങൾക്കിതുവരെ ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും നല്ല വർഷമായിരിക്കുകയും ചെയ്യും. ദൈവം നിങ്ങളോട് അടുത്തുവരും, നിങ്ങളെ ക്രിസ്തുവിൻറെ സാദൃശ്യത്തോട് കുറച്ചുകൂടി അനുരൂപപ്പെടുത്തുകയും നിങ്ങളിലൂടെ മറ്റുള്ളവരെ അനുഗ്രഹിക്കുകയും ചെയ്യും.

എക്കാലവും ഈ ഭൂമിയിൽ നടന്നിട്ടുള്ളവരിൽ ഏറ്റവും സന്തുഷ്ടനായ മനുഷ്യൻ യേശു ആയിരുന്നു. അവിടുത്തെ സന്തോഷം പിതാവിൻറെ ഇഷ്ടം ചെയ്യുന്നതിലൂടെ വന്നതാണ് അല്ലാതെ ഒരു എളുപ്പം മാർഗ്ഗം ഉള്ള ജീവിതത്തിലൂടെയല്ല. അവിടുന്ന് തൻറെ പിതാവിനെ തികഞ്ഞസ്നേഹമായി അറിഞ്ഞിരുന്നതുകൊണ്ട് തൻറെ പിതാവ് അവിടുത്തെ വഴിയിൽ അയച്ച എല്ലാത്തിനും അവിടുന്ന് സന്തോഷത്തോടെ വിധേയപ്പെട്ടു.അതായിരുന്നു അവിടുത്തെ ജീവിത രഹസ്യം. വിശ്വാസം ഉണ്ടാകുക എന്നാൽ സ്നേഹത്തിൽ പരിപൂർണ്ണനായവനും, തൻറെ കൽപ്പനകളെല്ലാം നമ്മുടെ നന്മയ്ക്കു വേണ്ടിയുള്ളവനുമായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നതാണ്.

സങ്കീ 16: 8 ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ‘ ഞാൻ യഹോവയെ എപ്പോഴും എൻറെ മുമ്പിൽ വെച്ചിരിക്കുന്നു, അവിടുന്ന് എൻറെ വലത്തു ഭാഗത്തുള്ളതു കൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല‘. അങ്ങനെയാണ് യേശു ജീവിച്ചത് ( അപ്പൊ പ്ര 2:25) അവിടുന്ന് എല്ലായ്പോഴും തൻറെ പിതാവിൻറെ സന്നിധിയിൽ ജീവിച്ചതുകൊണ്ട് അവിടുന്ന് ഒരിക്കലും കുലുങ്ങിപോയില്ല. അതുകൊണ്ട് തന്നെ,അവിടുന്ന് എല്ലായ്പോഴും സന്തോഷം കൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്തു ( സങ്കി 16: 11) നാമും അങ്ങനെ തന്നെ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

തൻറെ പിതാവ് തന്നോട് എത്ര കുറച്ചാണ് ആവശ്യപ്പെടുന്നത് എന്ന് കണ്ടുപിടിക്കുന്നതിന് അവിടുത്തേക്ക് താൽപര്യമില്ലായിരുന്നു. എന്നാൽ പരമാവധി എത്ര അധികം തൻറെ പിതാവിന് അർപ്പിക്കുവാൻ തനിക്കു കഴിയും എന്നായിരുന്നു. അവിടുത്തെ അന്വേഷണം. നമ്മുടെ മനോഭാവവും ‘ ഈ വരുന്നവർഷത്തിൽ എൻറെ ഈ ഒരു ഭൗമികജീവിതത്തിൽ നിന്ന് കർത്താവിന് പരമാവധി എന്തു കിട്ടും‘? എന്നായിരിക്കണം.

അതുകൊണ്ട് ഈ വർഷം ദൈവത്തെ ശ്രദ്ധിച്ചു കേൾക്കുന്നവനായിരിക്കുകയും ദൈവത്തിൻറെ ഒരു ആരാധകനായിരിക്കുകയും ചെയ്യുക.

അപ്പോൾ നിങ്ങൾക്ക് അനുഗ്രഹിക്കപ്പെട്ട ഒരു പുതു സംവത്സരം ഉണ്ടാകും!! ആമേൻ